# അക്കാദമിക
# മാസ്റ്റർ പ്ലാൻ

2025-26

ജി.എം.എൽ.പി.എസ്
പുഞ്ഞൂർ

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് വഴി വിദ്യാലയത്തിലെ മുഴുവൻ കുഞ്ഞുമക്കൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. അതിന് വേണ്ടി വിദ്യാലയത്തിലെ പ്രധാനാധ്യാപകനും അധ്യാപകരുമെല്ലാം തങ്ങളാൽ കഴിയുന്ന വിധം പ്രവർത്തിക്കും. പൊതു സമൂഹത്തിന്റെയും രക്ഷിതാക്കളുടെയുമെല്ലാം പിന്തുണയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉദ്ദേശിച്ച രീതിയിൽ തന്നെ നടത്താൻ സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡന്റ്
സഫ്ദറലി
എം.ടി.എ പ്രസിഡന്റ്

ഹെഡ്മാസ്റ്റർ
മനോജ് കോട്ടക്കൽ

## മലയാളം -

1 **പ്രവർത്തനം: പുസ്തകം എന്റെ ചങ്ങാതി**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ തരം തിരിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം (ഓരോ സാഹിത്യകാരന്മാരുടെ കൃതികൾ) | ലൈബ്രറി ചുമതലയുള്ള അധ്യാപികയും ക്ലാസ് ടീച്ചറും |

2 **പ്രവർത്തനം: 2**

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല സ്വാഭാവികം |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുന്നതിന് | എല്ലാം ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം എന്ന പരിപാടിയിൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

3. **പ്രവർത്തനം: 3**

പേര് : ഉച്ച ഭാഷിണി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർത്ഥം പൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന (അസംബ്ലി നടത്തുന്ന ദിവസങ്ങളിൽ) | ജൂൺ മുതൽ മാർച്ച് വരെ (ആഴ്ചയിൽ ഒരു ദിവസം) | ക്ലാസ് ടീച്ചർ |

4 പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | 3000 |

5 പേര് : സ്കൂൾ ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി സൗകര്യപ്രദമായൊരു സ്ഥലത്തേക്ക് മാറ്റുക. സ്കൂൾ ലൈബ്രറി ചുമതലയ്ക്ക് ഒരു അധ്യാപികയെ തെരഞ്ഞെടുക്കുക. | ജൂൺ ജൂലൈ | അധ്യാപകർ, PTA | - |

6 പേര് : ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

7 എന്റെ വായനാ കുറിപ്പുകൾ (മേഖല : ലേഖനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാ കുറിപ്പ് തയ്യാറാക്കൽ. ചെറിയ ക്ലാസുകളിൽ ചിത്രങ്ങളടങ്ങുന്ന ചെറിയ വായനാ കാർഡുകളുടെ നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

8 ആശയാവതരണ രീതിയിലുള്ള സചിത്ര പാഠങ്ങൾ രൂപീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്നവർക്ക് വേണ്ടി പ്രത്യേക പരിശീലനം. • ചിത്രങ്ങളോട് കൂടിയ വായനാകാർഡുകൾ കുട്ടികളുടെ കൂടെ പങ്കാളിത്തത്തോടെ നിർമ്മിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ വിദ്യാരംഗം കോർഡിനേറ്റർ | 2000 |

9 സർഗ്ഗവേള (മേഖല: പ്രകടന വേദികൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിച്ചതും കേട്ടതുമറിഞ്ഞ കാര്യങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ പ്രകടിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | കുട്ടികൾ വായിച്ച ചെറുകഥകളുടെയോ സംഭാഷണ ശകലങ്ങളോ മറ്റെന്തെങ്കിലും വ്യവഹാര രൂപങ്ങളിൽ എഴുതി തയ്യാറാക്കി സർഗ്ഗവേളയിൽ പ്രകടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | 2000. |

# English

1 പ്രവർത്തനം : നമുക്ക് വായിക്കാം (Let read)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് തെറ്റ് കൂടാതെ വായിക്കാൻ പ്രാപ്തരാക്കുക. | • ചെറിയ വായനാകാർഡുകൾ നൽകി വായിപ്പിക്കൽ.<br>• Echo reading അധ്യാപിക വായിക്കുന്നത് കേട്ട് വായിക്കാൻ കുട്ടിക്ക് അവസരം നൽകൽ.<br>• ICT ഉപയോഗിച്ച് audio കേൾപ്പിക്കൽ (reading) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | - |

2 പ്രവർത്തനം : വായനാകാർഡ് ശില്പശാല
Reading card workshop

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക.<br>• ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ<br>• അമ്മയും കുഞ്ഞും വായന.<br>CPTA യിൽ അമ്മയും കുഞ്ഞും ചേർന്ന് വായനാകാർഡ് വായന. | ജൂൺ ജൂലൈ. | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | 1000 |

3 പ്രവർത്തനം : വാർത്താ വായിക്കാം.
ഉപ മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| · മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് തെറ്റ് കൂടാതെ വായിക്കാൻ പ്രാപ്തരാക്കുക. | · ആഴ്ചയിൽ ഒരു ദിവസം ക്ലാസ് അസംബ്ലിയിലോ പ്രാർത്ഥനക്ക് ശേഷം ഉച്ചഭാഷിണിയിലൂടെയോ English news reading നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ, മറ്റ് അധ്യാപകർ | — |

4 പ്രവർത്തനം : ഇംഗ്ലീഷ് അസംബ്ലി.
ഉപമേഖല : പ്രകടനവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള വിവിധ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | · ആഴ്ചയിൽ ഒരു ദിവസം ക്ലാസിൽ ഒരു ഇംഗ്ലീഷ് സംഘടിപ്പിക്കൽ എല്ലാ പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ · മാസത്തിലൊരിക്കൽ ഓരോ ക്ലാസിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ്-സ്കൂൾ തല അസംബ്ലി സംഘടിപ്പിക്കൽ (എല്ലാം ഇംഗ്ലീഷിൽ) | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്ടീച്ചർ മറ്റ് അധ്യാപകർ | - |

5 പ്രവർത്തനം : ഒരു ദിവസം ഒരു പുതിയ വാക്ക്
ഉപമേഖല : വായന, അക്ഷരജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പദസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് | ക്ലാസ് ടീച്ചർ എല്ലാ ദിവസവും ഓരോ പുതിയ ഇംഗ്ലീഷ് പദവും അതിന്റെ അർത്ഥവും പരിചയപ്പെടുത്തി കൊടുക്കുന്നു. (Whatsapp group ൽ ആ വാക്ക് ഉപയോഗിച്ചുള്ള ചെറിയ വാക്യങ്ങൾ തുടർപ്രവർത്തനമായി നൽകുകയും ചെയ്യും | ജൂലൈ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | - |

6 പ്രവർത്തനം : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | • ഓരോ ദിവസത്തെയും സ്കൂളിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ ഡയറി ആയി എഴുതുക. • കുട്ടികൾ തയ്യാറാക്കിയ ഡയറികളിൽ മികച്ചത് ക്ലാസ് അസംബ്ലിയിൽ വായിക്കാനവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | - |

7 പ്രവർത്തനം : ഇംഗ്ലീഷ് റീഡേഴ്സ് തിയറ്റർ
ഉപമേഖല: (ഉ) കലാവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ അവതരിപ്പിക്കാനവസരം നൽകൽ | • കുട്ടികൾ വായിച്ചിട്ടുള്ളതോ കണ്ടിട്ടുള്ളതോ ആയ ചെറിയ കഥകളോ കവിതകളുടെയോ ദൃശ്യാവിഷ്കാരം (story telling, skit)<br>• ഇംഗ്ലീഷ് പാഠഭാഗങ്ങളെ മറ്റ് വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, drama | ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 1000. |

8 പ്രവർത്തനം : ഇംഗ്ലീഷ് റീഡിംഗ് കോർണർ
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വായനയെ പരിപോഷിപ്പിക്കുന്നതിന്<br>• പുസ്തകങ്ങൾ പരിചയപ്പെടുന്നതിന് അവസരമൊരുക്കൽ | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വായനാ കാർഡുകളും ചെറിയ ചെറിയ പുസ്തകങ്ങളും ഉൾക്കൊള്ളിച്ച് വായന മൂല (ക്ലാസിൽ) ഒരുക്കൽ. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. കുട്ടികൾ | — |

9. പ്രവർത്തനം : ഇംഗ്ലീഷ് മാഗസിൻ
ഉപമേഖല : രചന/ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • സർഗ്ഗാത്മക രചനാ ശേഷി വികസനം. | ക്ലാസ് തല പ്രവർത്തനങ്ങളിലൂടെ ലഭിച്ചിട്ടുള്ള മികച്ച രചനകൾ ഉൾപ്പെടുത്തി കൊണ്ട് ക്ലാസ് തല മാഗസിൻ തയ്യാറാക്കൽ. | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ/ കുട്ടികൾ | - |

10. പ്രവർത്തനം : ചിത്ര വിശകലനം / picture discription
ഉപമേഖല : സ്വതന്ത്ര രചന, (ലേഖനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ സ്വന്തമായി ചെറിയ വാക്യങ്ങൾ എഴുതാൻ പ്രാപ്തരാക്കുക. | • ചെറിയ Picture discription card കൾ കാണാനും വായിക്കുവാനും ക്ലാസ് തലത്തിൽ അവസരം നൽകണം. • കുട്ടികൾക്ക് പരിചിതമായ കാര്യങ്ങളുടെ ചിത്രങ്ങൾ ക്ലാസിൽ നൽകി അവയെ കുറിച്ച് 4 or 5 ചെറിയ വാക്യങ്ങൾ എഴുതാൻ അവസരം നൽകണം. (eg: park, garden beach, forest etc. | ജൂലൈ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ, കുട്ടികൾ | |

11 പ്രവർത്തനം : ഇംഗ്ലീഷ് ഗെയിമുകൾ
മേഖല : പ്രകടന വേദി, ചിന്താശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനം രസകരമാക്കുക.<br>• കുട്ടികളുടെ ചിന്താശേഷി വളർത്തുക. | • പാഠഭാഗവുമായി ബന്ധപ്പെടുത്തി വിവിധ English game കൾ തയ്യാറാക്കി വരിക. സന്ദർഭത്തിനനുസരിച്ച് ക്ലാസിൽ game കൾ നടത്തുക.<br>eg : Riddles<br>make a word<br>Freeze and Free<br>Hello English<br>activities etc. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | — |

12 പ്രവർത്തനം : ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കാൻ<br>• ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം നൽകാൻ | • ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമത്സരങ്ങൾ, വായനാ മത്സരങ്ങൾ, മറ്റ് സർഗാത്മക പ്രവർത്തനങ്ങളും അവതരണം<br>(എല്ലാം ഇംഗ്ലീഷിൽ എല്ലാം കുട്ടികളുടെ നേതൃത്വത്തിൽ - അധ്യാപകരുടെ പിന്തുണയോടെ) | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ, കുട്ടികൾ, രക്ഷിതാക്കൾ | 2000- |

# ഗണിതം

പ്രവർത്തനം: ഗണിത വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തിവേണ്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | ക്ലാസ് ടീച്ചർമാർ SRG | SSG. |

പ്രവർത്തനം: ഗണിത മൂല ഒരുക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ, മുത്തുകൾ എന്നിവ ഒരുക്കൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം: ഗണിത പെട്ടി ഒരുക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ കുട്ടികളും ഗണിത പെട്ടി തയ്യാറാക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ, കുട്ടികൾ | - |

പ്രവർത്തനം : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക.<br>• ഗണിതപഠനം കൂടുതൽ രസകരവും ആസ്വാദ്യകരമാക്കാനും | പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ വിവിധ ഗണിത കേളികൾ നടത്തുന്നു.<br>കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ തരത്തിൽ ഗണിതലാബ് സജ്ജീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | കുട്ടികൾ ക്ലാസ് ടീച്ചർ | – |

പ്രവർത്തനം : ഗണിതം മധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ശില്പശാലകൾ നടത്തൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ SRG | |
| | • പഠനത്തിൽ പിന്നോക്കക്കാർക്ക് വേണ്ടി ചെറിയ വർക്ക്ഷീറ്റുകൾ തയ്യാറാക്കി പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | SRG ക്ലാസ് ടീച്ചർ | |

പ്രവർത്തനം : കുട്ടിച്ചന്ത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം കൂടുതൽ രസകരവും ആനന്ദകരവുമാക്കുന്നതിന്<br>• ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | • പഠനോത്സവുമായി ബന്ധപ്പെട്ടോ, ഗണിത ശില്പശാലയുമായി ബന്ധപ്പെട്ടോ സ്കൂളിൽ കുട്ടിച്ചന്ത സംഘടിപ്പിക്കുന്നു. | അനുയോജ്യമായ സമയത്ത് | SRG ക്ലാസ് ടീച്ചർമാർ | 2000 |

പ്രവർത്തനം : ഗണിതം ലളിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | • ഗണിത പസിലുകൾ ഗണിതത്തിലെ കുസൃതി ചോദ്യങ്ങൾ, തുടങ്ങിയവ നൽകൽ (ആഴ്ചയിൽ ഒന്ന്)<br>• ഗണിതമേളക്ക് വേണ്ടി പ്രത്യേകം പരിശീലനം നൽകൽ (പാറ്റേണുകൾ ചാർട്ടുകൾ) | ആഗസ്റ്റ് മുതൽ മാർച്ച് വരെ | SRG ക്ലാസ് ടീച്ചർമാർ | - |

## പരിസര പഠനം:

1. പ്രവർത്തനം : കുഞ്ഞു കണ്ടുപിടുത്തക്കാരൻ (നിരീക്ഷണം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | • എല്ലാ ആഴ്ചയും ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു പ്രായോഗിക പ്രശ്നമോ കണ്ടുപിടുത്തമുണർത്തുന്ന ചോദ്യങ്ങളോ നൽകുന്നു. കുട്ടികൾ ഉത്തരം അന്വേഷിച്ച് കണ്ടെത്തി വരുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | • ക്ലാസ് ടീച്ചർ • ചാർജ്ജുള്ള അധ്യാപിക | - |

2. പ്രവർത്തനം : എന്റെ പരീക്ഷണകിറ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| ശാസ്ത്ര പഠനതാത്പര്യം വളർത്തുക, ശാസ്ത്ര അവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | മുഴുവൻ ക്ലാസുകളിലും ശാസ്ത്രപരീക്ഷണങ്ങൾക്കുതകുന്ന വസ്തുക്കൾ ശേഖരിച്ച് സ്വന്തമായി ഒരു പരീക്ഷണ കിറ്റ് തയ്യാറാക്കുക. (ഉദാ: ബലൂൺ, കുപ്പി, റബ്ബർ, സോപ്പ്, ----) | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ • കുട്ടികൾ | 2000 |

## പ്രവർത്തനം : പരീക്ഷണം നടത്തൽ, പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ (3,4 ക്ലാസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുതകുന്ന അനുഭവങ്ങൾ ഒരുക്കുക. | • ക്ലാസിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തിയും അല്ലാതെയും ലഘുപരീക്ഷണങ്ങൾ നടത്തുന്നു.<br>• നടത്തിയ പരീക്ഷണങ്ങളിലൂടെ അനുഭവിച്ചറിഞ്ഞത് രേഖപ്പെടുത്തി വെക്കുന്നു. അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, കുട്ടികൾ | 3000 |

## പ്രവർത്തനം : അഭിമുഖങ്ങൾ, ഫീൽഡ് ട്രിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.<br>ശാസ്ത്രപഠനത്തോട് താൽപര്യം വളർത്തുക. | • ശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരുമായി അഭിമുഖം നടത്താനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു.<br>• പ്രാദേശികമായി ലഭ്യമായ ആളുകളുമായി ചർച്ചകൾക്കും ശാസ്ത്ര സംവാദങ്ങൾക്കും അവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>PTA<br>SSG | 2000 |

## പ്രവർത്തനം : ഫീൽഡ് ട്രിപ്പുകൾ (നിരീക്ഷണം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്ര പഠന താത്പര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നടത്താവുന്ന ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു. • കുട്ടികൾക്ക് നേരിട്ട് കണ്ടും കേട്ടും തൊട്ടും അറിഞ്ഞ് മനസ്സിലാക്കാൻ അവസരമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

# അറബിക്

പ്രവർത്തനം : ലോക ഭാഷ → അറബി ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ അറബി ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കാൻ pre-test നടത്തുന്നു.<br>• അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>• പദ നിർമ്മാണം<br>• വാചകങ്ങൾ നിർമ്മിക്കൽ.<br>• ഭാഷാ കളികൾ | ആദ്യത്തെ രണ്ട് മാസം<br><br>ജൂൺ മുതൽ ഡിസംബർ വരെ. | അറബി ടീച്ചർ | – |

പ്രവർത്തനം : അറബി വായനോത്സവം :

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന മുഴുവൻ ഭാഷാശേഷികളും മുഴുവൻ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നതിന് | • വായനാ മത്സരം<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• അറബി കയ്യെഴുത്ത്<br>• കൂടുതൽ അറബി ലേഖനങ്ങൾ വായിക്കാനവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബി ടീച്ചർ | - |

പ്രവർത്തനം : ആഴ്ച അറബി രചനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി. |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസിൽ ഒരുക്കുന്നതിന് | • വായനാദിനത്തോടനുബന്ധിച്ചോ അറബി ഭാഷാ ദിനത്തോടനുബന്ധിച്ചോ തയ്യാറാക്കുന്ന പതിപ്പുകൾ.<br>• വായനാകുറിപ്പ് തയ്യാറാക്കൽ.<br>• പോസ്റ്ററുകൾ നിർമ്മിക്കുന്നു.<br>• ചുമർ പത്രങ്ങളുടെ രചന.<br>• കാലിഗ്രാഫി പ്രദർശനം. | | | |